**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1291** **19-09-2025 - ൽ മറുപടിയ്ക്ക്**

**നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC ( Public Private Partnership Appraisal Committee) യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിൽ ഉണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area കളിൽ അപകട സാധ്യത ഉണ്ടോ എന്ന് കൂടി പരിശോധിച്ച് വിശദമായ പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് NHAI യോട് നിർദ്ദേശിച്ചിരുന്നു.<br><br>തുടർന്ന് ഈ വിഷയത്തിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04.09.2025 ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തി, മൂന്ന് മാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നതായി NHAI അറിയിക്കുന്നു. സമിതി റിപ്പോർട്ട് വിലയിരുത്തിയ ശേഷം തുടർനടപടി തീരുമാനിക്കും എന്നാണ് NHAI അറിയിച്ചിട്ടുള്ളത്. |
| (ബി) | ടി റോഡിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടി വിശദമാക്കാമോ; | (ബി) | ഔട്ടർ റിംഗ് റോഡിനായുള്ള ഭൂമി ഏറ്റെടുക്കുന്നത് NH Act 1956 പ്രകാരവും, ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം കണക്കാക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ ( RFCTLARR Act 2013) 26 മുതൽ 30 വരെയുള്ള സെക്ഷനുകൾ പ്രകാരവുമാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | ഭൂമി ഏറ്റെടുക്കുന്നതിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം |

| | | | |
|---|---|---|---|
| | | | 4029.01 കോടി രൂപ ചെലവാകുമെന്നാണ് ദേശീയപാത അതോറിറ്റി കണക്കാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ